പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 4279 03.02.2014 ലെ മറുപടിക്ക്

## ആലത്തൂർ കണ്ടുകാട് സ്വയംപര്യാപ്ത ഗ്രാമം കോളനിയിലെ നിർമ്മാണ പ്രവർത്തനങ്ങൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. എം. ചന്ദ്രൻ | | ശ്രീ. എ.പി.അനിൽ കുമാർ (പട്ടികജാതി-പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി) | |
| (എ) | ആലത്തൂർ നിയോജകമണ്ഡലത്തിൽ നിന്ന് 'സ്വയം പര്യാപ്ത ഗ്രാമം' പദ്ധതിയിൽ ഉൾപ്പെടുത്തിയ എരിമയൂർ ഗ്രാമപഞ്ചായത്തിലെ കണ്ടുകാട് കോളനിയിലെ നിർമ്മാണ പ്രവർത്തനങ്ങളുടെ പുരോഗതി വ്യക്തമാക്കുമോ ; | (എ) | നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു. വീട് മെയിന്റനൻസ്, റോഡ് കോൺക്രീറ്റ്, സൈഡ് പ്രൊട്ടക്ഷൻ എന്നീ വർക്കുകൾ പുരോഗതിയിലാണ്. |
| (ബി) | എന്തെല്ലാം പ്രവൃത്തികളാണ് ഇതുവരെ പൂർത്തിയാക്കിയത്; ഇനിയും എന്തെല്ലാം പ്രവൃത്തികളാണ് പൂർത്തീകരിക്കുവാനുള്ളത്; | (ബി) | 6 വീടുകളുടെ പ്ലാസ്റ്ററിംഗ് പൂർത്തിയായി; 200 മീറ്റർ സൈഡ് പ്രൊട്ടക്ഷൻ പണി പൂർത്തീകരിച്ചു. 22 വീടുകളുടെ പ്ലാസ്റ്ററിംഗ് പൂർത്തിയാക്കാനുണ്ട്; 110 മീറ്റർ കോൺക്രീറ്റ് റോഡ് പൂർത്തിയാക്കാനുണ്ട്. 300 മീറ്റർ സൈഡ് പ്രൊട്ടക്ഷനും കുടിവെള്ള പദ്ധതിയും പൂർത്തീകരിക്കുവാനുണ്ട്. ബയോഗ്യാസ് പ്ലാന്റ്, സോളാർ പാനലുകൾ, സോളാർ സ്ട്രീറ്റ് ലൈറ്റുകൾ ഇവ സ്ഥാപിച്ചിട്ടില്ല. |
| (സി) | സമയബന്ധിതമായി തീർക്കേണ്ട പ്രവൃത്തികൾ ഒരു വർഷത്തിലധികമായിട്ടും പൂർത്തീകരിക്കുവാൻ സാധിക്കാത്തകാര്യം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; | (സി) | ഉണ്ട്. |
| (ഡി) | പദ്ധതി അടിയന്തിരമായി പൂർത്തീകരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ? | (ഡി) | നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ